# <u>പൂരകം 2015 സ്റ്റാൻഡേർഡ് 8, സാമൂഹ്യശാസ്ത്രം- പ്രവർത്തനക്രമം</u>

## <u>ഭാഗം 1</u>

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | അദ്ധ്യായം | സമയം (മണിക്കൂർ) |
|---|---|---|---|
| 1 | കൊളാഷ് നിർമ്മാണം | ആദ്യകാല മനുഷ്യ ജീവിതം | 2 |
| 2 | സെമിനാർ നടത്താം, റിപ്പോർട്ട് എഴുതാം | നദീതടസംസ്കാരങ്ങളിലൂടെ | 2 |
| 3 | ഭൂമി - ഉള്ളറ മാതൃകാ നിർമ്മാണം | ഭൗമരഹസ്യങ്ങൾ തേടി | 2 |
| 4 | സൂചകം വികസിപ്പിച്ച് താരതമ്യം ചെയ്യുക | നമ്മുടെ ഗവൺമെന്റ് | 2 |
| 5 | പട്ടികകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുക (തിണകൾ) | പ്രാചീന തമിഴകം | 2 |
| 6 | നിധി കണ്ടെത്തൽ | ഭൂപടങ്ങൾ വായിക്കാം | 2 |
| 7 | ആൽബ നിർമ്മാണം | സമ്പദ് ശാസ്ത്ര ചിന്തകൾ | 2 |

**Standard VIII**

# <u>സാമൂഹ്യശാസ്ത്രം- പ്രവർത്തനക്രമം</u>

## <u>ഭാഗം 2</u>

| ു | **പ്രവർത്തനത്തിന്റെ പേര്** | **അദ്ധ്യായം** | **സമയം (മണിക്കൂർ)** |
|---|---|---|---|
| 8 | ആശയങ്ങൾ പദസൂര്യനിൽ ക്രമീകരിക്കുക | ഗംഗാ സമതലത്തിലേയ്ക്ക് | 2 |
| 9 | ടൈം ലൈൻ തയ്യാറാക്കി വിവിധകാലഘട്ടങ്ങിലെ സാമൂഹിക പുരോഗതി | മഗധ മുതൽ താനേശ്വരം വരെ | 2 |

| | | | |
|---|---|---|---|
| | വിലയിരുത്തുന്നു. | | |
| 10 | പോസ്റ്റർ നിർമ്മാണം (നിറം, ചിത്രം, ആശയങ്ങൾ) | ഭൂമിയുടെ പുതപ്പ്/ഭൂമിയിലെ ജലം | 1 ½ |
| 11 | ചുമർ മാസികാ നിർമ്മാണം | ഇന്ത്യയും സാമ്പത്തികാസൂത്രണവും | 1 ½ |
| 12 | ഗ്രാഫ്/ചിത്രവിശകലനം (പ്രകൃതിയിലെ ജലസമ്പത്ത് + അന്തരീക്ഷത്തിന്റെ ഘടന) | ഭൂമിയിലെ ജലം | 2 |
| 13 | സർവ്വേ ഫോറം തയ്യാറാക്കുക (സാമൂഹ്യ സംഘങ്ങളുടെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ശേഖരിക്കാൻ) | സാമൂഹിക സംഘങ്ങളും, സാമൂഹ്യ നിയന്ത്രണവും | 2 |
| | | | ആകെ 25 മണിക്കൂർ |

**പ്രവർത്തനം 1**

**കൊളാഷ് നിർമ്മാണം**

ഉദ്ദേശലക്ഷ്യങ്ങൾ : ആനുകാലികവും, ചരിത്ര പ്രാധാന്യവുമുള്ള ചിത്രങ്ങളെ വിശകലനം ചെയ്യുക. പ്രാചീന, മദ്ധ്യ, നവീന ശിലായുഗങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് കൊളാഷ് നിർമ്മാണത്തിൽ പ്രാവീണ്യം നേടുക

പഠന സാമഗ്രികൾ : ടെക്സ്റ്റ് ബുക്കിലെ അദ്ധ്യായം 1 ലെ ചിത്രങ്ങൾ, പുരാവസ്തു വകുപ്പ് പ്രസിദ്ധീകരിച്ച ചിത്രങ്ങൾ, ചാർട്ട് പേപ്പർ, പശ, കത്രിക, മാർക്കർ പേനകൾ.

സമയം 2 മണിക്കൂർ

| മേഖലകൾ | പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| ആനുകാലിക വാർത്താ ചിത്രങ്ങളും, ആദ്യകാല മനുഷ്യ ജീവിതം എന്ന യൂണിറ്റിലെ ചരിത്ര പ്രാധാന്യമുള്ള ചിത്രങ്ങളും വിശകലനം ചെയ്ത് തരംതിരിച്ച് പ്രചീന, മദ്ധ്യ, നവീന ശിലായുഗങ്ങളുടെ അടിസ്ഥാനത്തിൽ കൊളാഷ് നിർമ്മിക്കുന്നു. സാമൂഹ്യ ശാസ്ത്ര പഠനത്തിന് മുഖ്യ ഉപാധികളിൽ ഒന്നാണ് കൊളാഷ് എന്ന് തിരിച്ചറിയുന്നു കലാമൂല്യമുള്ള ആകർഷകമായ കൊളാഷ് നിർമ്മിക്കുന്നു. | ശിലായുഗങ്ങളുടെ പേരിനടിസ്ഥാനത്തിൽ 4 കുട്ടികൾ വീതമുള്ള ഗ്രൂപ്പുകളാക്കുന്നു. വിവിധ ശിലായുഗ കാല ഘട്ടം (പ്രാചീനം, മദ്ധ്യം, നവീനം) നറുക്കിട്ടെടുത്ത് ഗ്രൂപ്പിന് പേര് നൽകുന്നു. ശേഖരിച്ച മെറ്റീരിയൽ ഉപയോഗിച്ച് ഗ്രൂപ്പിൽചിത്രങ്ങൾ വിശകലനം ചെയ്ത് ശിലായുഗ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ കൊളാഷ് നിർമ്മിക്കുന്നു. എല്ലാ അംഗങ്ങളു ടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. വേണ്ട നിർദ്ദേശങ്ങൾ നൽകി ആകർഷകമായ കൊളാഷ് രൂപപ്പെടുത്തുന്നു. | ഗ്രൂപ്പ് ലീഡേഴ്സിന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നു.<br>**കൊളാഷ് വിലയിരുത്തൽ സൂചകങ്ങൾ**<br>• വിഷയ ബന്ധിതം<br>• ആകർഷകത്വം<br>• വ്യക്തത<br>• ചിത്രങ്ങളുടെ പ്രസക്തി |

**തുടർപ്രവർത്തനങ്ങൾ**

1. വിവിധ വിഷയങ്ങളിൽ ചിത്രകൊളാഷ്, വാർത്താ കൊളാഷ്, കാർട്ടൂൺ കൊളാഷ് എന്നിവ നിർമ്മിക്കുന്നതിനുള്ള അവസരം നൽകുന്നു.
2. പരിസ്ഥിതി സംരക്ഷണം, ഇന്ത്യൻ കായിക രംഗം, ശുചിത്വ ശീലങ്ങൾ, മയക്കുമരുന്നും ദുശ്ശീലങ്ങളും എങ്ങനെ അകറ്റാം എന്നീ വിഷയങ്ങൾ ഉദാഹരണമായി നൽകുന്നു.
3. മികച്ച കൊളാഷുകളുടെ പ്രദർശനം സാമൂഹ്യ ശാസ്ത്ര ക്ലബുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

4. കൊളാഷുകളുടെ അടസ്ഥാനത്തിൽ ചർച്ചയിലൂടെ നിഗമനങ്ങൾ വികസിപ്പിയ്ക്കുന്നു.

**പ്രവർത്തനം: 2**

**സെമിനാർ നടത്താം. റിപ്പോർട്ട് എഴുതാം.**

| | |
|---|---|
| ഉദ്ദേശലക്ഷ്യങ്ങൾ : | സെമിനാർ വിഷയവും ഉപവിഷയങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിനുംസവിശേഷ പ്രാധാന്യമുള്ള നദീതട സംസ്കാരങ്ങളുടെ പ്രത്യേകതകൾ ഗ്രഹിക്കുന്നതിനും. |
| പഠന സാമഗ്രികൾ : | സിന്ധു നദീതട സംസ്കാരം, ഈജിപ്ഷ്യൻ സംസ്കാരം, മെസപ്പൊട്ടോമിയൻ സംസ്കാരം, ചൈനീസ് സംസ്കാരം എന്നിവയുടെ ചിത്രങ്ങൾ, 5 ഉപവിഷയങ്ങളും, അതിന്റെ ഉള്ളടക്ക സൂചനകളും എഴുതിയ ചാർട്ടുകൾ. |

**ഉപവിഷയങ്ങൾ**

1. സിന്ധു നദീതട സംസ്കാരം
2. ഈജിപ്ഷ്യൻ സംസ്കാരം
3. മൊസപ്പൊട്ടോമിയൻ സംസ്കാരം
4. ചൈനീസ് സംസ്കാരം
5. നദീതടസംസ്കാരങ്ങളുടെ സവിശേഷതകൾ

ICT സാധ്യത ഉപയോഗിച്ച് നദീതട സംസ്കാരങ്ങളുടെ പ്രധാന്യം താഴെ എഴുതിയ സൈറ്റുകളിലൂടെ പരിചയപ്പെടുത്തുന്നു.

www.britanica.com. www.harappa.com, www.historyforkids.com ,

www.ancentwisdom.com

സമയം : 2 മണിക്കൂർ

| മേഖലകൾ | പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| സെമിനാർ വിഷയവും ഉപവിഷയങ്ങളും തമ്മിലുള്ള ബന്ധം മനസിലാക്കുന്നതിനും ചരിത്ര പ്രാധാന്യമുള്ള നദീതടസംസ്കാരങ്ങളുടെ പ്രത്യേകതകൾ ഗ്രഹിക്കുന്നതിനും ഒരു മികച്ച സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നതിനും. | കുട്ടികൾക്ക് നദീതട സംസ്കാരങ്ങളെപറ്റി പഠനസാമഗ്രികളിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള ഇന്റർനെറ്റ് ഉപയോഗിച്ച് സൈറ്റുകൾ തലേദിവസം കാണിക്കുന്നു. അതിനുശേഷം നദീതട സംസ്കാരത്തെക്കുറിച്ചും ഉപവിഷയങ്ങളെക്കുറിച്ചും സെമിനാറിനെകുറിച്ചും ചർച്ച നടത്തുന്നു. ഓരോ കുട്ടിക്കും ഉപവിഷയം അടിസ്ഥാനമാക്കി പേപ്പർ അടിസ്ഥാനമാക്കി പേപ്പർ അവതരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. (5 ഉപവിഷയങ്ങളിൽ) സെമിനാർ അവതരിപ്പിച്ചതിനുശേഷം ചർച്ചയും റിപ്പോർട്ടും തയ്യാറാക്കുന്നു. | സെമിനാർ റിപ്പോർട്ട് ഗ്രൂപ്പ് ലീഡേഴ്സിന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നു.<br>വിലയിരുത്തൽ സൂചകങ്ങൾ<br>• പൂർണ്ണത<br>• അവതരണശൈലി<br>• റിപ്പോർട്ടിന്റെ ഘടന<br>• ഉള്ളടക്കം |

**തുടർപ്രവർത്തനങ്ങൾ**

- ഒരു സെമിനാർ വിഷയം ലഭിച്ചാൽ അതിന്റെ ഉപവിഷയങ്ങൾ കണ്ടെത്താനുള്ള കഴിവ് വിദ്യാർത്ഥി ആർജ്ജിക്കുന്നതിന് പരിശീലനം നൽകുന്നു.
- ഉദാ: സ്വന്തം പ്രദേശത്തിന്റെ വികസനം – സെമിനാർ വിഷയം

ഉപവിഷയങ്ങൾ

- കാർഷിക പുരോഗതി, വിദ്യാഭ്യാസ ആരോഗ്യമേഖലയിലെ സേവനങ്ങൾ, ജനങ്ങളുടെ ജീവിതനിലവാരം, പ്രകൃതി വിഭവങ്ങളുടെ പരിപാലനവും, ചൂഷണവും, സുസ്ഥിര വികസനം
- കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുവാൻ വിദ്യാർത്ഥികളോട് നിർദ്ദേശിക്കുന്നു.
- വിഷയവും ഉപവിഷയവും എഴുതിയ കുറിപ്പുകൾ തയ്യാറാക്കുന്നു.
- ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വിവിധ  വിഷയങ്ങളിലെ സെമിനാർ റിപ്പോർട്ടുകളുടെ പ്രദർശനം സംഘടിപ്പിക്കുന്നു.

**പ്രവർത്തനം 3**

ഭൂമി – ഉള്ളറ മാതൃകാ നിർമ്മാണം.

ഉദ്ദേശലക്ഷ്യങ്ങൾ: ഉത്തരാർദ്ധഗോളം, ദക്ഷിണാർദ്ധഗോളം, ഭൂവൽക്കം, മാന്റിൽ, പുറംകാമ്പ്, അകക്കാമ്പ് എന്നീ ആശയങ്ങളുടെ ധാരണ രൂപപ്പെടുത്തുന്നതിനും പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പഠനസാമഗ്രികൾ വികസിപ്പിക്കുന്നതിനും.

പഠന സാമഗ്രികൾ: ചിരട്ട 2 എണ്ണം, തെർമോകോൾ കഷ്ണം, ചാർട്ട് പേപ്പർ, പശ, മാർക്കർ പേന (ചിരട്ടയ്ക്കു പകരം പന്തുകൾ ഉപയോഗിക്കാം).

സമയം : 2 മണിക്കൂർ

| മേഖലകൾ | പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| ഉത്തരാർദ്ധഗോളം, ദക്ഷിണാർദ്ധഗോളം, ഭൂവൽക്കം, മാന്റിൽ, പുറംകാമ്പ്, അകക്കാമ്പ് എന്നിവ പ്രവർത്തനത്തിലൂടെ ഗ്രഹിക്കുന്നു. ഭൂമിയുടെ ഉള്ളറ | കുട്ടികളോട് ഒരേതരത്തിലുള്ള ചിരട്ടകൾ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. ടെക്സ്റ്റ് ബുക്കിലെ ഭൗമരഹസ്യങ്ങൾ തേടി എന്ന യൂണിറ്റിലെ ഭൂമിയുടെ ഘടന എന്ന ചിത്രം നിരീക്ഷിച്ച് തെർമോകോൾ ഉപയോഗപ്പെടുത്തി | വിദ്യാർത്ഥികൾ നിർമ്മിച്ച ഭൂമിയുടെ ഉള്ളറ മാതൃക വിലയിരുത്തുന്നു.<br>സൂചകങ്ങൾ<br>1. പാഠപുസ്തക സൂചനകൾ ഉപയോഗപ്പെടുത്തൽ |

| | | |
|---|---|---|
| മാതൃകാ നിർമ്മാണത്തിന് ശേഷി നേടുന്നു. | ചിരട്ടയുടെ അന്തർഭാഗത്ത് പാളികൾ ക്രമീകരിക്കുന്നു. സ്കെച്ച് പേനകൾ ഉപയോഗിച്ച് പാളികൾക്ക് വ്യത്യസ്ത നിരം കൊടുക്കുന്നു. (പാളികൾക്ക് പേരും നൽകുന്നു) ഭൂവൽക്കം, മാന്റിൽ, പുറംകാമ്പ്, അകക്കാമ്പ് എന്നീ പാളികൾ വേർതിരിച്ച് എടുത്ത് വിശദീകരിക്കുന്നു. ഓരോ പാളികളുടെയും കനം ഗ്രഹിയ്ക്കുന്നു. | 2. നിർമ്മാണത്തിന്റെ മികവ് , ഓരോ പാളിയേയും കുറിച്ചുള്ള ധാരണ<br>3. ഓരോ കുട്ടിയുടെയും ഭൂമിയുടെ ഉള്ളറ മാതൃക, ടീച്ചർ നിരീക്ഷിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നൽകുന്നു. |

**തുടർ പ്രവർത്തനങ്ങൾ**

- ഇന്റർനെറ്റിന്റെ സഹായത്തോടെ ഭൂമിയുടെ ഉള്ളറയുടെ അനിമേഷൻ ചിത്രം ഡൗൺ ലോഡ് ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
- ശിലാ മണ്ഡലം എന്ന ധാരണ രൂപപ്പെടുത്തുന്നു. (ഭൂവൽക്കവും, മാന്റിലിന്റെ ഉപരിഭാഗവും ചേർന്നത്).
- ഭൂമിയുടെ ഉള്ളറ മാതൃക ഉപയോഗപ്പെടുത്തി താഴ്ന്ന ക്ലാസിലെ കുട്ടികൾക്ക് വിവരണം നൽകുന്നു.

**പ്രവർത്തനം 4**

**സൂചകങ്ങൾ വികസിപ്പിച്ച് താരതമ്യം ചെയ്യുക**

**ഉദ്ദേശലക്ഷ്യങ്ങൾ**

- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക
- രാജ്യസഭ, ലോക സഭ, രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ ആശയങ്ങൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്ത് നിഗമനം രൂപപ്പെടുത്തുക.

പഠന സാമഗ്രികൾ: ചാർട്ട്പേപ്പർ, പേനകൾ, മാതൃകാ പട്ടികകൾ

സമയം : 2 മണിക്കൂർ

| മേഖല | പഠന പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| • വിവിധ ആശയങ്ങളുടെ താരതമ്യപഠനം.<br>• സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ആശയങ്ങൾ താരതമ്യം ചെയ്ത് പട്ടികകൾ വികസിപ്പിക്കുന്നു.<br>• താരതമ്യത്തിന് മാനദണ്ഡങ്ങൾ കണ്ടെത്തണം എന്ന ധാരണ ഉണ്ടാക്കുന്നു. | വിദ്യാർത്ഥികളെ 4 അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ടി. ബി യിലെ നമ്മുടെ ഗവൺമെന്റ് എന്ന യൂണിറ്റിന്റെ സഹായത്തോടെ രാജ്യസഭ, ലോക സഭ എന്നീ ആശയങ്ങൾ സൂചകങ്ങൾ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്ത് പട്ടിക വികസിപ്പിക്കുന്നു. (സൂചകങ്ങൾ)<br>• ഇരു സഭകളുടെയും രൂപീകരണം<br>• ചുമതലകൾ/അധികാരങ്ങൾ<br>• തെരഞ്ഞെടുപ്പ് രീതി<br>• അംഗങ്ങളുടെ എണ്ണം<br>• സഭാ അദ്ധ്യക്ഷൻ<br>• പ്രത്യേകതകൾ<br>ഓരോ വിദ്യാർത്ഥിയും A4 പേപ്പറിൽ പട്ടികകൾ പ്രദർശിപ്പിക്കുന്നു. | താരതമ്യം ചെയ്യുന്നതിന് സൂചകങ്ങൾ അനിവാര്യമാണ് എന്ന് അറിയുന്നു.<br>മാനദണ്ഡങ്ങൾതീരുമാനിക്കുന്നതിന് ആശയങ്ങളുടെ അടിസ്ഥാന ഘടകങ്ങൾ വിലയിരുത്തുന്നു.<br>താരതമ്യ പട്ടിക എങ്ങനെ മെച്ചപ്പെട്ടു എന്ന് വിലയിരുത്തുന്നു. |

**തുടർ പ്രവർത്തനങ്ങൾ**

- സൂചകങ്ങൾ വികസിപ്പിക്കുവാൻ പരിശീലനം നൽകുന്നു
  (സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം)
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യങ്ങൾ, കടലുകൾ, നദികൾ, പർവ്വതങ്ങൾ താരതമ്യം ചെയ്യുന്നു
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്ത്, വിശകലനം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുന്ന വിധം ചർച്ചകൾ ഫലപ്രദമായി സംഘടിപ്പിക്കുക

**പ്രവർത്തനം 5**

**പട്ടികകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുക**

ഉദ്ദേശലക്ഷ്യങ്ങൾ: പ്രാചീന തമിഴകത്തെ ഭൂപ്രകൃതിയുടെയും, തൊഴിലിന്റെയും അടിസ്ഥാനത്തിൽ അഞ്ചായി തരംതിരിച്ചിരിക്കുന്നു.

പട്ടികകൾ വിശകലനം ചെയ്യുന്ന രീതികൾ ഗ്രഹിക്കുന്നു. പട്ടികകളിൽ ഉൾപ്പെടുന്ന വസ്തുതകളെ ക്രോഡീകരിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിന് ശേഷി നേടുന്നു.

പഠന സഹായികൾ: മാതൃക പട്ടികകൾ, A4 പേപ്പറുകൾ, പേന, അനുബന്ധം 1, അനുബന്ധം 2, ചാർട്ട് പേപ്പർ

സമയം : 2 മണിക്കൂർ

| മേഖലകൾ | പഠന പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| പ്രാചീന തമിഴകത്തെ ഭൂപ്രകൃതി യുടെയും തൊഴിലിന്റെയും അടിസ്ഥാ നത്തിൽ അഞ്ചായി തിരിച്ചിട്ടുണ്ട് എന്ന് ഗ്രഹിക്കുന്നു. പട്ടികകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്ന തി നുള്ള ശേഷി നേടുന്നു. വിവി ധ | വിദ്യാർത്ഥികളെ 4 പേർ വീതമുള്ള ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും അനുബന്ധം നൽകുന്നു. വികസന സുചികകളായ സാക്ഷരത, ആയുർദൈർഘ്യം, ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക് എന്നീ | • ഓരോ ഗ്രൂപ്പിന്റേയും ചാർട്ട് പരിശോധിക്കുന്നു. നിഗമനങ്ങളുടെ സാധ്യത വിലയിരുത്തുന്നു.<br>• ഗ്രൂപ്പുകളുടെ നിഗമനങ്ങൾ താരതമ്യം ചെയ്ത് വിലയിരുത്തുന്നു. |

| | | |
|---|---|---|
| പട്ടികകൾ ക്രോഡീകരിച്ച് വസ്തുത കൾ ഗ്രഹിക്കുന്നു. | ആശയങ്ങൾ ഇന്ത്യ, കേരളം എന്ന തലത്തിൽ താരതമ്യം ചെയ്യുന്നു. നിഗമനങ്ങൾ ചാർട്ടിൽ ക്രോഡീകരിക്കുന്നു. അതുപോലെ തന്നെ അനുബന്ധം 2 വിദ്യാർത്ഥികൾക്ക് നൽകുന്നു. ചർച്ചയെതുടർന്ന് പ്രാചീന തമിഴകത്തിലെ ഭൂപ്രകൃതി, തൊഴിൽ, തിണകൾ എന്നീ ആശയങ്ങളെ സംബന്ധിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. നിഗമനങ്ങൾ ചാർട്ടിൽ ക്രോഡീകരിക്കുന്നു. | മെച്ചപ്പെടുത്തുന്നു. മികച്ച നിഗമനം രൂപപ്പെടുത്തിയവരെ അനുമോദിക്കുന്നു. നിഗമനങ്ങളുടെ ശാസ്ത്രീയ അടിസ്ഥാനം വിലയിരുത്തുന്നു. |

<u>**തുടർപ്രവർത്തനങ്ങൾ**</u>

- വിവിധ ആശയങ്ങൾ ഉൾക്കൊള്ളുന്ന പട്ടികകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുക
- ഗ്രാഫുകൾ, ചിത്രങ്ങൾ, പട്ടികകൾ എന്നിവ വിശകലനം ചെയ്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തുക
- കേരളത്തിലെ ജില്ലകളുടെ വികസന വിവരങ്ങൾ ഉൾക്കൊള്ളുന്ന പട്ടികകൾ വിശകലനം ചെയ്യുക. അതിൽ നിന്ന് മികച്ച വികസനമുള്ള ജില്ലകൾ കണ്ടെത്തുക
- വസ്തുതകൾ പട്ടികകളിൽ എങ്ങനെ ക്രമീകരിച്ചിരിക്കുന്നു എന്ന് വിലയിരുത്തുക.

**അനുബന്ധം 1**

മാനവ വികസന സൂചിക കേരളം; ഇന്ത്യ

| സൂചകം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| ജനന നിരക്ക് (1000 ൽ) | | …… | 18 | ……. | ….. | 20 |
| മരണനിരക്ക് (1000 ൽ) | .. | …. | 6 | …. | …. | 8 |
| ശിശുമരണനിരക്ക് (1000 ൽ) | ….. | ….. | 14 | …… | …. | 48 |
| . | സ്ത്രീ | പുരുഷൻ | ശരാശരി | സ്ത്രീ | പുരുഷൻ | ശരാശരി |
| സാക്ഷരത | 87.76 | 94.2 | 90.92 | 54.16 | 75.85 | 65.3 |
| ആയുർദൈർഘ്യം | 76 | 70.9 | 73.45 | 63.50 | 61.80 | 62.70 |

താഴെ എഴുതിയ പ്രസ്താവനകൾ വിലയിരുത്തി അഭിപ്രായങ്ങൾ/നിഗമനങ്ങൾ രേഖപ്പെടുത്തുന്നു.

- മാനവ വികസന സൂചിക അടിസ്ഥാനത്തിൽ വികസനത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്.
- ശിശുമരണനിരക്ക് കേരളത്തിൽ വളരെ കുറവാണ്
- കേരളത്തിൽ സ്ത്രീകളേക്കാൾ പുരുഷൻമാർക്ക് ആയുർദൈർഘ്യം കുറവാണ്.

**അനുബന്ധം 2**

പ്രാചീന തമിഴകം - ഭൂപ്രകൃതി, തൊഴിൽ, തിണകൾ

പട്ടിക വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുക

| | | |
|---|---|---|
| തിണ | ഭൂപ്രകൃതി | തൊഴിൽ |
| കുറിഞ്ചി | കാടും മലയും | വനവിഭവ ശേഖരണം, വേട്ടയാടൽ, പുനം കൃഷി |
| മുല്ലൈ | പുൽമേടുകൾ | കന്നുകാലി വളർത്തൽ |
| പാലൈ | വരണ്ട പ്രദേശങ്ങൾ | കന്നുകാലി കവർച്ച (വെട്ച്ചി) |
| മരുതം | വയൽ | നെല്ല്, കരിമ്പ് കൃഷി |
| നെയ്തൽ | തീരപ്രദേശം | മീൻ പിടുത്തം, ഉപ്പുണ്ടാക്കൽ |

- നിഗമനങ്ങൾ ക്രോഡീകരിച്ച് ചർച്ച നടത്തുക, മാതൃക നിഗമനങ്ങൾ താഴെ എഴുതിയിരിക്കുന്നു.
- പ്രാചീന തമിഴകത്തെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ അഞ്ചായി തരം തിരിച്ചിട്ടുണ്ട്
- കാടും മലയും ചേർന്ന ഭൂപ്രദേശത്തെ കുറിഞ്ചി എന്ന പേരിൽ അറിയപ്പെട്ടു
- നെയ്തൽ എന്നത് തീരപ്രദേശവും അവിടത്തെ ജനങ്ങൾക്ക് മീൻ പിടുത്തവും ഉപ്പുണ്ടാക്കലുമാണ്. പ്രധാന തൊഴിലുകൾ

പ്രവർത്തനം 6

**നിധി കണ്ടെത്തൽ**

ഉദ്ദേശങ്ങൾ: ഭൂമി ശാസ്ത്ര പഠനത്തിൽ ഭൂപടങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്

ഒരു പ്രദേശത്തിന്റെ ദിക്ക്, ദിശ എന്നിവ അറിയുന്നതിന്

പഠനസാമഗ്രികൾ നിധി അടക്കം ചെയ്ത പാക്കറ്റുകൾ, മീറ്റർ സ്കെയിൽ, ചരടുകൾ, പേപ്പർ കാർഡ്, ഭൂപടങ്ങൾ (ദിശ, ദിക്ക് അടയാളപ്പെടുത്തയവ)

സമയം : 2 മണിക്കൂർ

| മേഖലകൾ | പഠന പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| • തോതിനെ അടിസ്ഥാനമാക്കി ദൂരം കണക്കാക്കുന്നതിന്<br>• ദിശ, ദിക്ക് ഏകദേശ ദൂരം എന്നിവ ഊഹിക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും<br>• ദിശ, ദിക്ക് എന്നീ ആശയം നിത്യജീവിതത്തിൽ പ്രയോഗികമാക്കുന്നതിന് വേണ്ടി<br>• ദിശ, ദിക്ക് എന്നിവ മനസ്സിലാക്കി ഭൂപടങ്ങൾ നിർമ്മിക്കാൻ | കുട്ടികളെ 3 പേരടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും നിധിയിരിക്കുന്ന സ്ഥലത്ത് എത്തിച്ചേരാനുള്ള ഭൂപടം നൽകുന്നു. ദിയും ദിക്കും മനസിലാക്കി, അധ്യാപകൻ അനുവദിക്കുന്ന സമയത്തിനുള്ളിൽ നിധിയിരിക്കുന്ന സ്ഥലത്ത് എത്തിച്ചേരുന്നു. അതിനായി മീറ്റർ സ്കെയിൽ, ചരട് എന്നിവ ഉപയോഗിക്കാം<br><br>ദിശ മാറുന്ന സ്ഥലങ്ങളിൽ അദ്ധ്യാപകൻ ദിശ, ദൂരം എന്നിവ കാണിക്കുന്ന കാർഡുകൾ വെച്ചിട്ടുണ്ടാകും. ആ കാർഡുകൾ ഗ്രൂപ്പ് കണ്ടെത്തി എടുത്ത് നിധിയിരിക്കുന്ന സ്ഥലത്ത് കൊണ്ടു വരേണ്ടതാണ്. കൃത്യസമയത്ത് കൊണ്ടുവരേണ്ടതാണ്. കൃത്യസമയത്ത് കൃത്യമായ കാർഡുകളുമായി എത്തുന്ന ഗ്രൂപ്പ് വിജയിയാവുന്നതാണ് | • ദിശ, ദിക്ക്, തെറ്റാതെ നിശ്ചിത സമയത്ത് നിധിയിരിക്കുന്ന സ്ഥലത്ത് എത്തിച്ചേരുന്നു<br>• എല്ലാ കാർഡുകളും ശേഖരിച്ച് എത്തുന്നു.<br>• എല്ലാ ഗ്രൂപ്പിനും ലഭിച്ച മാപ്പുകൾ ശേഖരിച്ച് സമ്പൂർണ്ണ ഭൂപടം നിർമ്മിക്കുന്നു.<br>• ഭൂപട സവിശേഷതകൾ ചർച്ച ചെയ്യുന്നു. |

**തുടർ പ്രവർത്തനങ്ങൾ**

a) വീടുകളിൽ നിന്ന് സ്കൂളിലേക്കെത്തുന്ന ഭൂപടം കുട്ടികൾ വരയ്ക്കുന്നു

b) A3, A4 വലിപ്പത്തിലുള്ള ഇന്ത്യയുടെ/കേരളത്തിന്റെ ഭൂപടങ്ങൾ ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നു. ഭൂപടം വിശകലനം ചെയ്ത് വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ ദിശകളിലുള്ള സംസ്ഥാനങ്ങളുടെ/ജില്ലകളുടെ പേരുകൾ എഴുതാൻ ആവശ്യപ്പെടുന്നു.

c) തൃശ്ശൂർ ജില്ലയുടെ ഭൂപടം നിരീക്ഷിക്കുവാനും പഠനം നടത്തുവാനും അവസരം നൽകുന്നു.

**ഭൂപട നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- അനുയോജ്യമായ ഒരു വഴി തെരഞ്ഞെടുക്കണം
- കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ വഴിയാണ് അനുയോജ്യം
- വീടുകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം, പ്രത്യേകം ചിഹ്നങ്ങൾ ഉപയോഗിക്കണം.
- കോമ്പസിന്റെ (വടക്കുനോക്കിയന്ത്രത്തിന്റെ) സഹായത്തോടെ ദിക്കിനെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്തുന്നു.
- ദൂരം അളന്ന് അടയാളപ്പെടുത്തണം (തോത് ഉപയോഗിക്കുവാൻ നിർദ്ദേശിക്കുക)

**പ്രവർത്തനം 7**

**ആൽബം നിർമ്മാണം**

ഉദ്ദേശ്യലക്ഷ്യങ്ങൾ

- സാമ്പത്തിക ശാസ്ത്ര ചിന്തകരേയും സമീപനങ്ങളേയും വിശകലനം ചെയ്യുന്നു.
- സാമ്പത്തിക ശാസ്ത്രത്തിന്റെ നിർവചനങ്ങളിൽ ഓരോ കാലഘട്ടത്തിലും വന്ന മാറ്റം അപഗ്രഥിക്കുന്നു.
- ഗാന്ധിയൻ സാമ്പത്തികാശയങ്ങളുടെ ആനുകാലിക പ്രസക്തിയെകുറിച്ച് നിഗമനം രൂപീകരിക്കുന്നു

പഠന സാമഗ്രികൾ: പത്രം, മാസികകൾ, ടെസ്റ്റ് ബുക്ക്, ഇന്റർനെറ്റ് എന്നിവയിൽ നിന്ന് ശേഖരിക്കുന്ന ചിത്രങ്ങൾ, ഫോട്ടോകൾ, A4 പേപ്പർ, പേന, കളർ പെൻസിലുകൾ

| മേഖലകൾ | പഠന പ്രവർത്തനങ്ങൾ/പ്രക്രിയ | മൂല്യ നിർണ്ണയം |
|---|---|---|
| ലോകത്തിലെയും പ്രത്യേകിച്ച് ഭാരതത്തിലെയും സാമ്പത്തിക ശാസ്ത്രചിന്തകരുടെ സമീപനങ്ങൾ | വിദ്യാർത്ഥികളെ 4 പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിക്കുന്നു. 'സമ്പദ്ശാസ്ത്ര ചിന്തകൾ' എന്ന യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ലോകത്തിലേയും, പ്രത്യേ | ആകർഷണീയത, ഉള്ളടക്കത്തിലെ സമഗ്രത, ഫോട്ടോ ശേഖരിച്ച് പതിച്ചത് |

| | | |
|---|---|---|
| വിശകലനം ചെയ്യുന്നു. അവരുടെ സംഭാവനകൾ തിരിച്ചറിയുന്നു. ഗാന്ധിയൻ സാമ്പത്തികാശയങ്ങളുടെ അടിസ്ഥാനധാരയെകുറിച്ച് ഗ്രഹിക്കുന്നു. | കിച്ച് ഭാരതത്തിലെയും സമ്പദ് ചിന്തകരുടെ ചിത്രങ്ങളും, സമീപനങ്ങളും ചർച്ച ചെയ്യുന്നു. ചർച്ച ആൽബ നിർമ്മാണത്തിലേക്ക് നയിക്കുന്നു. സമ്പദ്ശാസ്ത്ര ചിന്തകരുടെ പേരുകളും, ഫോട്ടോകളും ശേഖരിക്കുന്നു. അവരെ കാലഗണനാക്രമത്തിൽ A4 ഷീറ്റിൽ ചിത്രങ്ങൾ പതിക്കുന്നു<br>ചിത്രത്തിനു താഴെ പറയുന്ന ഉള്ളടക്കം ചേർക്കുന്നു.<br>• പേര്:<br>• പ്രവർത്തനമേഖല<br>• ജനിച്ച സ്ഥലം<br>• സമ്പദ് ചിന്തയുടെ ചുരുക്കം<br>• ലഭ്യമായ അവാർഡുകൾ, അംഗീകാരങ്ങൾ<br>• ജീവിത കാലഘട്ടം<br>• പ്രധാനപ്പെട്ട സംഭാവനകൾ | യഥാക്രമംആണോ എന്ന് പരിശോധിക്കൽ എന്നീ സൂചകങ്ങളടെ അടിസ്ഥാനത്തിൽ ആൽബം വിലയിരുത്തുന്നു.<br>മികച്ചവയ്ക്ക് സമ്മാനം നൽകുന്നു. പ്രദർശിപ്പിക്കുന്നു.<br>ശേഖരിക്കേണ്ട ചിന്തകരുടെ പേരുകൾ<br>• ആഡംസ്മിത്ത്<br>• കാൾമാക്സ്<br>• ആൽഫ്രഡ് മാർഷൽ<br>• ലയണൽ റോബിൻസൺ<br>• പോൾ. എ. സാമുവൽസൺ<br>• ചാണക്യൻ<br>• ദാദാഭായ് നവറോജി<br>• മഹാത്മാഗാന്ധി |

**തുടർ പഠന പ്രവർത്തനങ്ങൾ**

- വിവിധ വിഷയങ്ങളെ അധികരിച്ച്, ആൽബം നിർമ്മിക്കാം എന്നതിൽ എത്തിച്ചേരുന്നു. വിദ്യാലയം ചരിത്രം, ഗ്രാമചരിത്രം, സ്വാതന്ത്ര്യ സമരചരിത്രം, കേരളപ്പിറവി ചരിത്രം എന്നീ വിഷയങ്ങളിൽ ആൽബം നിർമ്മിക്കുന്നു.
- ഒരു ആൽബം നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചാർട്ടിൽ തയ്യാറാക്കുന്നു
- മികച്ച ആൽബങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു.